**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 159** **29-01-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം കുട്ടമണ്ണയിലെ എം.എസ്.പി.യുടെ ഭൂമി അലൈമെന്റ് മാറ്റം വരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ കുട്ടമണ്ണ എം. എസ്. പി. യുടെ അധീനതയിലുള്ള ഗ്രൗണ്ടിന്റെ വടക്ക് - കിഴക്ക് ഭാഗങ്ങളിൽ സർക്കാർ അനുവദിച്ച അഞ്ച് സെന്റ് ഭൂമിയിൽ വടക്ക് ഭാഗത്തുള്ള 2.5 സെന്റ് ഭൂമി അലൈമെന്റ് മാറ്റം വരുത്തി നൽകണമെന്നാവശ്യപ്പെട്ട് എം.എൽ.എ. സി.എം.ഒ. പോർട്ടൽ വഴി സമർപ്പിച്ച നിവേദനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **പോലീസ് ആസ്ഥാനത്തു ലഭിച്ച പ്രസ്തുത നിവേദനം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് എം.എസ്.പി. കമാണ്ടന്റിന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് അന്വേഷണം നടത്തി എം.എസ്.പി കമാണ്ടന്റ് പോലീസ് ആസ്ഥാനത്ത് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ അലൈൻമെന്റിൽ മാറ്റം വരുത്തുമ്പോഴുള്ള ഭൂമിയുടെ ഘടനയും അതിന്റെ ചിത്രവും ഉൾപ്പെടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ എം.എസ്.പി. കമാണ്ടന്റിന് സംസ്ഥാന പോലീസ് മേധാവി നിർദേശം നൽകിയിട്ടുണ്ട്.** |
| (ബി) | ഇത് സംബന്ധിച്ച സംസ്ഥാന പോലീസ് മേധാവിയുടെ കത്ത് പ്രകാരം ( H 14-178408/2023/PHQ ) ആവശ്യപ്പെട്ട വിവരങ്ങൾ എം.എസ്.പി കമാണ്ടന്റ് 30.10.23 ൽ റിപ്പോർട്ട് ചെയ്തിട്ടും അനുമതിക്കായി സർക്കാരിലേക്ക് അയയ്ക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | അലൈൻമെന്റ് മാറ്റം വഴി സർക്കാരിന് യാതൊരു നഷ്ടവും വരാത്ത സാഹചര്യത്തിൽ സാങ്കേതിക തടസങ്ങൾ പരിഹരിച്ച് കുട്ടമണ്ണ നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും ഗതാഗത യോഗ്യമായ റോഡ് നിർമ്മാണത്തിനും ആഭ്യന്തര വകുപ്പ് സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ